<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1156</u> <u>10-08-2023 - ൽ മറുപടിയ്ക്ക്</u>

<u>വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളത്ത് വാട്ടർ അതോറിറ്റിയുടെ ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (എ) | അതോറിറ്റിയുടെ തീരുമാനപ്രകാരം സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാന ത്തിലും, ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും, സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും, കണക്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>കായംകുളത്തു പുതിയ ഡിവിഷൻ ഓഫീസ് സ്ഥാപിക്കുന്നതിനായുള്ള ആവശ്യം വാട്ടർ അതോറിറ്റിയുടെ ബോർഡിന് മുമ്പാകെ സമർപ്പിക്കുകയും പ്രസ്തുത ആവശ്യം, വർക്കിന്റെയും കണക്ഷനുകളുടേയും ജല ജീവൻ മിഷൻ മുഖേന നൽകാൻ ഉദ്ദേശിക്കുന്ന കണക്ഷനുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടുക്ക് ഡിവിഷൻ ഓഫീസുകളുടെ റീ-അറേഞ്ച്മെന്റ് നടത്തുമ്പോൾ പരിഗണിക്കുന്ന താണ് എന്ന് ബോർഡ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതിനായി കേരള വാട്ടർ അതോറിറ്റി എം.ഡി ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി തയാറാക്കിയ കരട് ജീവനക്കാരുടെ സംഘടനകളുമായും ഉയർന്ന ഉദ്യോഗസ്ഥരുടെ വർക്ക് ഷോപ്പിലും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളിലെ അഭിപ്രായങ്ങൾ പരിഗണിച്ച് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാത്ത രീതിയിൽ ധ്രുതഗതിയിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ